Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

**GOVERNMENT OF KERALA**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – കാഞ്ഞങ്ങാട് നഗരസഭയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലിക പകരം തൊഴിലാളികളായി നിയമിച്ച ശ്രീമതി.കെ.സുശീല മുതൽപേർ ഫയൽ ചെയ്ത WP (C) 6246/10(ഇ) നമ്പർ ഹൈക്കോടതി വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 1461/2013/തസ്വഭവ. തീയതി, തിരുവനന്തപുരം, 5/6/2013

പരാമർശം :
1. 3/11/2006 ലെ സ.ഉ(സാധാ) നം.2748/06/തസ്വഭവ നമ്പർ ഉത്തരവ്
2. ശ്രീമതി.കെ.സുശീലയുടെ 19/12/2012 ലെ അപേക്ഷ
3. ബഹു.കേരള ഹൈക്കോടതിയുടെ 20/11/2012 ലെ WP (C) 6246/10(ഇ) നമ്പർ വിധിന്യായം
4. നഗരകാര്യ ഡയറക്ടറുടെ 18/02/2013 ലെ ഇ2-747/13 നമ്പർ കത്ത്

<u>ഉത്തരവ്</u>

കാഞ്ഞങ്ങാട് നഗരസഭയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലിക പകരം തൊഴിലാളികളായി നിയമിച്ച ശ്രീമതി.കെ.സുശീല തുടങ്ങി 11 പേരെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യത്തിന്മേൽ ബഹു.ഹൈക്കോടതിയിൽ WP (C) 6246/10(ഇ) നമ്പർ റിട്ട് ഫയൽ ചെയ്തു. പരാമർശം (3) ലെ ബഹു.ഹൈക്കോടതി വിധിന്യായപ്രകാരം Ext P2, P3 എന്നിവയിന്മേൽ ഒന്നാം എതിർകക്ഷിയായ സർക്കാർ വിധിന്യായം ലഭിച്ച് മൂന്നുമാസത്തിനുള്ളിൽ ഉത്തരവാകാൻ നിർദ്ദേശിച്ചിട്ടുണ്ട്. Ext P2 (15/11/2005 ലെ കാഞ്ഞങ്ങാട് മുൻസിപ്പൽ സെക്രട്ടറിയുടെ ജി.8932/05 നം കത്ത്) Ext P3 (17/9/2008 ലെ കാഞ്ഞങ്ങാട് മുൻസിപ്പൽ സെക്രട്ടറിയുടെ എച്ച്1-11135/05 നം കത്ത്) എന്നിവയിൽ കാഞ്ഞങ്ങാട് നഗരസഭയിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ശുചീകരണ വിഭാഗത്തിൽ അധിക തസ്തികകൾ താൽക്കാലികമായി അനുവദിച്ച് ഉത്തരവാകണമെന്നുള്ളതാണ് ആവശ്യം.

പരാമർശം (1) പ്രകാരം ഭാവിയിൽ കൂടുതൽ സാമ്പത്തിക ബാധ്യത ഉണ്ടാകുമെന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിൽ കണ്ടിജന്റ് ജീവനക്കാരുടെ അധിക തസ്തിക സൃഷ്ടിച്ച് ജീവനക്കാരെ നിയമിക്കണമെന്ന നഗരസഭകളുടെ ആവശ്യം സർക്കാർ നിരാകരിച്ചിട്ടുണ്ട്. എന്നാൽ അത്യാവശ്യ ഘട്ടങ്ങളിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ ജീവനക്കാരെ ശുചീകരണപ്രവർത്തനങ്ങൾക്ക് നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തുകൾ നഗരസഭകളോട് കൂട്ടിച്ചേർത്തതിന്റെ ഫലമായി നഗരസഭയുടെ ശുചീകരണ പ്രവൃത്തിയുടെ വ്യാപ്തി വർദ്ധിപ്പിച്ച സാഹചര്യത്തിൽ തൊഴിലാളികളുടെ തസ്തികകൾ സൃഷ്ടിക്കണമെന്ന് പല നഗരസഭകളും ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ കാഞ്ഞങ്ങാട് നഗരസഭയുടെ ആവശ്യം മാത്രം പരിഗണിക്കുന്നത് ഉചിതമായിരിക്കുകയില്ല എന്ന് സർക്കാർ കരുതുന്നു.

മേൽ സാഹചര്യത്തിൽ 15/11/2005 ലെയും 17/9/2008 ലെയും കാഞ്ഞങ്ങാട് മുൻസിപ്പൽ സെക്രട്ടറിയുടെ കത്തുകളിൻമേലുള്ള നിർദ്ദേശം നിരാകരിച്ച് കൊണ്ട് പരാമർശം (3)ലെ ബഹു.ഹൈക്കോടതി വിധി നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ശുചീകരണ പ്രവൃത്തിയുടെ വ്യാപ്തി വർദ്ധിച്ച സാഹചര്യത്തിൽ തൊഴിലാളികൾ അധികമായി വേണമെന്ന ആവശ്യം സംബന്ധിച്ച്, പരാമർശം (1)ലെ ഉത്തരവു പ്രകാരം നടപടികൾ സ്വീകരിക്കാൻ നഗരകാര്യ ഡയറക്ടർക്ക് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ജെ.സ്റ്റാൻലി
ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി.സുശീല.കെ, ദുർഗാനിവാസ്, കുന്നൽ നഗർ
ശ്രീമതി.രമ.എം, അലോത്ത് വീട്, അരായി
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി കാഞ്ഞങ്ങാട് നഗരസഭ
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

കാഞ്ഞങ്ങാട് നഗരസഭാ സെക്രട്ടറി
മുഖാന്തിരം

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**